പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 253

# 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 253

# 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ

1288/2013.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 253

# 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാവുന്നതാണ്.

(2) ഇത് 2013 ഒക്ടോബർ 5-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 485എ വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 485എ വകുപ്പിൽ നിലവിലുള്ള ക്ലിപ്ത നിബന്ധനയ്ക്കുപകരം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, ഒരു കോൺക്രീറ്റ് വാൾട്ടിന്റെയോ ഇലക്ട്രിക്/ഗ്യാസ് ശ്മശാനത്തിന്റെയോ സംഗതിയിൽ പ്രസ്തുത അകലം ഇരുപത്തിയഞ്ച് മീറ്ററിൽ കുറയുവാൻ പാടുള്ളതല്ല".

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2013-ലെ 52) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 485എ വകുപ്പ് പ്രകാരം ശവം മറവ് ചെയ്യുകയും ദഹിപ്പിക്കുകയും ചെയ്യുന്ന സ്ഥലങ്ങൾ വാസഗൃഹങ്ങളിൽനിന്നും അൻപത് മീറ്റർ അകലത്തിൽ മാത്രമേ സ്ഥാപിക്കാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വകുപ്പിന്റെ ക്ലിപ്ത നിബന്ധനപ്രകാരം, കോൺക്രീറ്റ് വാൾട്ടിന്റെ സംഗതിയിൽ പ്രസ്തുത അകലം ഇരുപത്തിയഞ്ച് മീറ്ററായാൽ മതിയെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്:

എന്നാൽ പഞ്ചായത്തുകളിൽ, വൈദ്യുത ക്രിമറ്റോറിയങ്ങളുടെയും പെട്രോളിയം ഗ്യാസ് കൊണ്ട് പ്രവർത്തിക്കുന്ന ക്രിമറ്റോറിയങ്ങളുടെയും കാര്യത്തിലും ഇരുപത്തിയഞ്ച് മീറ്റർ ദൂരപരിധി പാലിച്ചാൽ മതിയാകും എന്ന് നിഷ്കർഷിച്ചിട്ടുള്ള സാഹചര്യത്തിൽ മുനിസിപ്പാലിറ്റികളിലും ഇലക്ട്രിക്/ഗ്യാസ് ശ്മശാനങ്ങൾക്ക് വാസ ഗൃഹങ്ങളിൽ നിന്നും ഇരുപത്തിയഞ്ച് മീറ്റർ അകലം പാലിച്ചാൽ മതിയാകും എന്ന വ്യവസ്ഥ ചേർത്തുകൊണ്ട് കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 485എ വകുപ്പ് ഭേദഗതി ചെയ്തു കൊണ്ട് 2013-ലെ കേരള മുനിസിലപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2013-ലെ 52) പുറപ്പെടുവിച്ചിരുന്നു.

മേൽപ്പറഞ്ഞ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്ന് യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

മഞ്ഞളാംകുഴി അലി.

## 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ (1994-ലെ 20) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** ** ** **

485എ. ശവം മറവ് ചെയ്യുകയും ദഹിപ്പിക്കുകയും ചെയ്യുന്ന സ്ഥലങ്ങൾ പാർപ്പിടങ്ങളിൽനിന്ന് അകലെ ആയിരിക്കണമെന്ന്.—യാതൊരു മുനിസിപ്പാലിറ്റിയും നിലവിലുള്ള വാസഗൃഹത്തിൽനിന്ന് അമ്പത് മീറ്റർ അകലത്തിനുള്ളിൽ ഏതെങ്കിലും സ്ഥലം ശവം മറവ് ചെയ്യുന്നതിനോ ദഹിപ്പിക്കുന്നതിനോ ശ്മശാനങ്ങളായി ഉപയോഗിക്കുന്നതിന് 484-ാം വകുപ്പ് പ്രകാരം ലൈസൻസ് നൽകാനോ 485-ാം വകുപ്പുപ്രകാരം അങ്ങനെയുള്ള ആവശ്യത്തിന് ഉപയോഗിക്കുവാനോ പാടില്ലാത്തതാണ്:

എന്നാൽ ഒരു കോൺക്രീറ്റ് വാൾട്ടിന്റെ സംഗതിയിൽ പ്രസ്തുത അകലം ഇരുപത്തിയഞ്ച് മീറ്ററിൽ കുറയാൻ പാടുള്ളതല്ല.

** ** ** ** ** **